കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പെരുമ്പളം ഗ്രാമപഞ്ചായത്ത്

## 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി12-1306/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ -ddhglfalpy@gmail.com

ഫോൺ: 0477-2252753

തീയതി. 22.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമ്പളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പളം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1,3-2 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി12-1306/16 തീയതി: 22.11.2016

# ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.04.2016 മുതൽ 31.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 03.11.2016 മുതൽ 15.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.വി.പി.ഷേർളി | 01.04.2015 മുതൽ 11.11.2015 വരെ |
| | | ശ്രീ.കെ.എസ്.ഷിബു | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ.അനിൽകുമാർ.കെ.പി | 01.04.2015 മുതൽ 15.04.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി.എ.കാർത്യായനി | 16.04.2015 മുതൽ 20.07.2015 വരെ |
| | ശ്രീമതി.എസ്.വീണ | 21.07.2015മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വത്സലാമ്മ.എ | 01.04.2015മുതൽ 21.12.2015 വരെ |
| | ശ്രീമതി. ശോഭന | 23.12.2015മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ. ഗിരീഷ് ശശിധരൻ | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലത.ഇ.വി | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. വി.കെ.ജയന്തി | 01.04.2015മുതൽ 31.03.2016വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി. താരാദേവി.ആർ | 01.04.2015മുതൽ 18.06.2015വരെ |
| | ശ്രീമതി. ദീപ | 19.06.2015മുതൽ 31.03.2016 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. അനുരാജ് | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | ഡോ.സതീഷ് | 01.04.2015മുതൽ 24.05.2015വരെ |
| | ഡോ.കെ.ബി.ഷാഹുൽ | 25.05.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | ഡോ.സുധീർ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ.സ്നേഹ | 01.04.2015മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | ജങ്കാർ ലേലം -പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച് |
| 3 | 2-2 | ജങ്കാർ സർവ്വീസ്-വാടകയിനത്തിൽ 39000/-രൂപ കെ.എസ്സ്.ഐ.എൻ.സി-യ്ക്ക് അധികമായി നൽകി. |
| 4 | 2-3 | ഡി & ഒ ലൈസൻസ് |
| 5 | 2-4 | ലേല ഡയറിയോ രജിസ്റ്ററോ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. |
| 6 | 2-5 | ഡെപ്പോസിറ്റ് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. |
| ഭാഗം – 3 | | |
| 7 | 3-1 | അനുവദിച്ച തുകകൾ വരവ് വെച്ചില്ല-പഞ്ചായത്തിന് നഷ്ടം 334916/- |
| 8 | 3-2 | ഗ്രാമപഞ്ചായത്തിന്റെ "ഐശ്വര്യം" ജങ്കാർ - നിഷ്ക്രിയം 1.75 കോടി രൂപ |
| 9 | 3-3 | ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം - അനിശ്ചിതത്തിൽ |
| 10 | 3-4 | വരുമാന സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം വിതരണം ചെയ്യുന്നു. |
| 11 | 3-5 | അംഗൻവാടികൾക്ക് ഉപകരണങ്ങൾ -ക്രമക്കേടുകൾ |
| 12 | 3-6 | സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം നല്കി. |
| 13 | 3-7 | പാലിയേറ്റീവ് കെയർ - അപാകതകൾ |
| 14 | 3-8 | കുന്നത്ത് അംഗൻവാടി നം 89- ചുറ്റുമതിൽ നിർമ്മാണം -കൺസോളിഡേഷൻ നടത്താത്ത ഇനത്തിന് ആയതിന്റെ ചാർജ്ജുകൂടി ഉൾപ്പെട്ട നിരക്ക് അനുവദിച്ചു. |
| 15 | 3-9 | സാമൂഹ്യ സുരക്ഷമിഷന് സംഭാവന-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 16 | 3-10 | 2014-15 -ൽ ബിൽ പ്രകാരം പിൻവലിച്ച തുക നല്കാൻ കാലതാമസം വരുത്തി |
| 17 | 3-11 | സെക്രട്ടറി നിർവഹിച്ച പദ്ധതികൾ രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| 18 | 3-12 | തൊഴിലുറപ്പ് പദ്ധതി അവലോകനം |
| ഭാഗം – 4 | | |
| 19 | 4-1 മുതൽ<br>4-10 വരെ | വാർഷിക കണക്കു പരിശോധന – അപാകതകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച ആകെ വരവ് 69043365/- രൂപയും ആകെ ചെലവ് 61426000/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 28.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 12952164 |
| വരവ് | : | 33712458 |
| ആകെ | : | 46664622 |
| ചെലവ് | : | 40339308 |
| നീക്കിയിരിപ്പ് | : | 6325314 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1405303 | 8283677 | 9688980 | 4850984 | 4837996 | 50.06 |
| വികസനഫണ്ട് എസ്.സി.പി. | 485162 | 1153000 | 1638162 | 460102 | 1178060 | 28.08 |
| വികസനഫണ്ട് ടി.എസ്.പി. | 27943 | 81000 | 108943 | 57600 | 51343 | 52.41 |
| സംരക്ഷണഗ്രാന്റ് റോഡ് | 481549 | 347000 | 828545 | 735039 | 93510 | 88.71 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1546155 | 2320000 | 3866155 | 2584159 | 1281996 | 66.84 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1800346 | 1719092 | 3519438 | 3005969 | 513469 | 85.41 |
| പെർഫോമൻസ് ഗ്രാന്റ് | 2128526 | – | 2128526 | 1192796 | 935730 | 56.02 |
| ബി ഫണ്ട് | | | | | | |
| എം.ജി.എൻ.ആർ.ജി.എസ് | 18402 | 16249469 | 16267871 | 16266279 | 1592 | 99.99 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 23033266 | 101 | 13262941 | – | 25 | 80.16 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.94 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 655024 | 643010 | (-) 12014 | (-) 2% |
| നികുതിയേതര വരവുകൾ | 3994018 | 3583718 | (-) 410300 | (-) 10% |
| മറ്റുവരവുകൾ | 702896 | 208836 | (-) 494060 | (-) 70% |
| ആകെ | 5351938 | 4435564 | (-) 916374 | (-) 17% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 396600 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 2120010 | 311 |
| വിധവാപെൻഷൻ | 3011000 | 295 |
| വാർദ്ധക്യകാലപെൻഷൻ | 1134960 | 127 |
| വികലാംഗപെൻഷൻ | 1157540 | 105 |
| അഗതി പെൻഷൻ | 217160 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2016 3 പി.എം. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3084/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2016 | 09/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.10.16 | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജങ്കാർ ലേലം -പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച്

പെരുമ്പളം പഞ്ചായത്തിലെ പെരുമ്പളം-പാണാവള്ളി ജങ്കാർ സർവ്വീസ് ഏറ്റെടുത്ത് നടത്തുന്നതിന് 2015-16-ൽ ലേലം കൊണ്ടിട്ടുള്ളത് ശ്രീ. പി. ആർ. പ്രസന്നൻ, പള്ളിപ്പാട്ട് എന്ന വ്യക്തിയാണ്. ടിയാൻ പഞ്ചായത്തുമായി ഒപ്പുവെച്ചിട്ടുള്ള കരാർ പ്രകാരം പ്രതിദിനം 13001/- രൂപയാണ് ഒടുക്കേണ്ടിയിരുന്നത്. അതത് ദിവസത്തെ വാടക തൊട്ടടുത്ത പ്രവർത്തി ദിവസം പഞ്ചായത്തിൽ ഒടുക്കുകയെന്നും അല്ലാത്ത പക്ഷം 18% പിഴ പലിശ ഈടാക്കണമെന്നുമായിരുന്ന കരാർ വ്യവസ്ഥ. പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി ടിയാൻ 10.05.2015 മുതൽ 02.07.2015 വരെയുള്ള വിവിധ കാലയളവുകളിൽ തുകയൊടുക്കുന്നതിൽ കാലതാമസം വരുത്തുകയുണ്ടായി. ആയതിന്റെ പിഴ പലിശ ഇനത്തിൽ 4254/- രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടില്ല. ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/09.11.2016) വിശദീകരണം നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ടി തുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ജങ്കാർ ലേലം കൊണ്ട ശ്രീ.പി. ആർ. പ്രസന്നൻ, പള്ളിപ്പാട്ട് പഞ്ചായത്തിൽ ഒടുക്കേണ്ട തുക 08.12.2015 മുതൽ പൂർണ്ണമായും കുടിശ്ശിക വരുത്തുകയുണ്ടായി. തുടർന്ന് 13.02.2016 മുതൽ

31.03.2016 വരെ ശ്രീ. മുരളീകൃഷ്ണൻ എന്നയാൾക്ക് 10,570/- രൂപയ്ക്ക് ജങ്കാർ സർവ്വീസ് നടത്തുവാനായി നൽകുകയുണ്ടായി. ശ്രീ. പി. ആർ. പ്രസന്നൻ, പള്ളിപ്പാട്ട് എന്നയാൾ 08.12.2015 മുതൽ 12.02.2016 വരെ കുടിശ്ശിക വരുത്തിയ ഇനത്തിൽ 871067/- രൂപയും (13001 x 67) 13.02.2016 മുതൽ 31.03.2016 വരെ ജങ്കാർ വാടക ഇനത്തിൽ കുറവ് വന്ന 116688/- (2431 x 48) രൂപയും ചേർത്ത് കുടിശ്ശികയായ 987755/-രൂപ 18% പിഴ പലിശ സഹിതം ഈടാക്കുന്നതിലേയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും തുക ഇതുവരെയും ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ജങ്കാർ സർവ്വീസ്-വാടകയിനത്തിൽ 39000/-രൂപ കെ.എസ്സ്.ഐ.എൻ.സി-യ്ക്ക് അധികമായി നൽകി.

പെരുമ്പളം-പാണാവള്ളി ജങ്കാർ സർവ്വീസ് നടത്തുന്നതിന് ജങ്കാർ വാടകയിനത്തിൽ 2015-16-വർഷത്തിൽ പ്രതിദിനം 9800/- രൂപയാണ് കരാർ പ്രകാരം കെ.എസ്സ്.ഐ.എൻ.സി-യ്ക്ക് നൽകേണ്ടിയിരുന്നത്. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 2015-16 വർഷത്തിൽ വാടകയിനത്തിൽ 39000/-രൂപ കെ.എസ്സ്.ഐ.എൻ.സി-യ്ക്ക് അധികം നൽകിയിരിക്കുന്നതായി കാണുന്നു. ഇത്തരത്തിൽ അധികം നൽകാനിടയായ സാഹചര്യം വിശദമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/10.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇത് സംബന്ധിച്ച രജിസ്റ്ററിൽ വളരെ അവ്യക്തമായ രേഖപ്പെടുത്തലുകളാണ് ഉള്ളത്. ഇത്തരത്തിൽ രജിസ്റ്ററുകൾ അലക്ഷ്യമായി കൈകാര്യം ചെയ്തതുമൂലമാണ് വാടകയിനത്തിൽ അധിക തുക നൽകിയത് പഞ്ചായത്ത് അറിയാതിരുന്നത്. ഈ ഇനത്തിൽ അധികമായി നൽകിയ തുക 2016-17 വർഷം തട്ടി കിഴിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്

ഡി & ഒ ലൈസൻസ് എടുക്കാതെ/ പുതുക്കാതെ ധാരാളം സ്ഥാപനങ്ങൾ 2015-16 വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. 2014-15 വർഷം 70 സ്ഥാപനങ്ങളിൽ നിന്നായി ലൈസൻസ് ഫീസിനത്തിൽ 7350/- രൂപ വരവുണ്ടായിരുന്നപ്പോൾ തൻവർഷം 40 സ്ഥാപനങ്ങളേ ലൈസൻസ് എടുക്കുകയോ/ പുതുക്കുകയോ ചെയ്തിട്ടുള്ളൂ. തൻവർഷത്തെ വരവ് 5000/- രൂപ മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിരുന്നതും ഇപ്പോഴും പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളിൽ ചിലതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ ഉടമ/<br>സ്ഥാപനത്തിന്റെ പേര് വിവരം | 2014-15 വർഷം ഈടാക്കിയ<br>ലൈസൻസ് ഫീസ് |
|---|---|
| സെക്രട്ടറി SCB 46 | 500/- |
| ലതിക മോഹനൻ , ഹാർഡ് വെയേഴ്സ് | 1000/- |
| സുനിത വിജയൻ, നെടുംപുറത്ത് , പാത്രക്കട | 200/- |
| മോഹൻദാസ് ,അമ്പാടി ടെക്സ്റ്റൈൽസ് | 100/- |
| വനിത പപ്പടം വർക്സ് | ---- |

| | |
|---|---|
| മാവേലി സ്റ്റോർ | ----- |

*ഹോംസ്റ്റേകൾ* -

പഞ്ചായത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഹോംസ്റ്റേകൾ 2015-16 വർഷം ലൈസൻസ് എടുത്തിട്ടില്ല.

| | |
|---|---|
| നെൻകോ | വാർഡ് -1 |
| പെരുംചിറക്കരി- കുമ്പിത്തറ | വാർഡ് -1 |
| ക്ഷേത്രുംപറമ്പ് | വാർഡ് -2 |
| ശാസ്താങ്കൽ | വാർഡ് -7 |
| മത്തിപ്പറമ്പ് | വാർഡ് -10 |
| കോതാട് | വാർഡ് -13 |

ലൈസൻസോടു കൂടി മാത്രമേ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1996 ലെ കേരള പഞ്ചായത്ത് രാജ് കുറ്റങ്ങൾ രാജിയാക്കൽ ചട്ടങ്ങൾ ചട്ടം (3) പട്ടിക പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

പൊതുവേ വരുമാനം കുറവുള്ള പെരുമ്പളം ഗ്രാമപഞ്ചായത്തിന്, ലഭിക്കേണ്ട വരുമാനം പോലും കൃത്യമായി പിരിച്ചെടുക്കാൻ കഴിയാതെപോയത് ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചയാണ്. വരുമാന ചോർച്ചയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

## 2-4 ലേല ഡയറിയോ രജിസ്റ്ററോ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

2015-16-വർഷത്തിൽ പെരുമ്പളം പഞ്ചായത്ത് പരിധിയിലെ 16 ഇനങ്ങളുടെ കുത്തകാവകാശം ലേലം ചെയ്യുന്നതിനുള്ള നടപടികൾ നടന്നിട്ടുള്ളതായി കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച ലേല രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയിട്ടുള്ള ലേല ഡയറിയിലാകട്ടെ ആകെ രണ്ട് ഇനങ്ങളുടെ രേഖപ്പെടുത്തലുകൾ മാത്രമേയുള്ളു. തന്മൂലം ലേല തുക എത്രയാണെന്നോ അടവാക്കിയ തുക എത്രയാണെന്നോ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. 2016-17 വർഷത്തിൽ ഒട്ടുമിക്ക ഇനങ്ങൾക്കും ഗണനീയമായ ലേല തുകയാണ് ലഭിച്ചിട്ടുള്ളത്. തനത് വരുമാനത്തിന്റെ കുറവു മൂലം ബുദ്ധിമുട്ടുന്ന പഞ്ചായത്ത് ഗുരുതരമായ അലംഭാവമാണ് ഇക്കാര്യത്തിൽ കാണിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/09.11.2016) മറുപടി ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ഡെപ്പോസിറ്റ് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

2015-16 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതായി കാണുന്നില്ല. കൂടാതെ

മുൻവർഷത്തെ തുകകൾ മടക്കി നൽകുമ്പോൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഉദാ: 2014-15 വർഷത്തെ ജങ്കാർ ലേലം കൊണ്ടിട്ടുള്ള കരാറുകാരൻ ശ്രീ. രൂപേഷിൽ നിന്നും ഈടാക്കിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 400000/-രൂപ 07.04.2015-ൽ മടക്കി നൽകിയിരിക്കുന്നു. ആയത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ റൗണ്ട് ചെയ്ത് ഒഴിവാക്കിയിട്ടില്ല. ഇത്തരത്തിൽ മടക്കി നൽകിയ തുകകൾ യഥാസമയം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച കൃത്യത പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അനുവദിച്ച തുകകൾ വരവ് വെച്ചില്ല-പഞ്ചായത്തിന് നഷ്ടം 334916/-

1. ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ള ഗ്യാപ് ഫണ്ട് ജി.ഒ (ആർ.ടി ) 1029/2016 തീയതി 01-02-16 ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തിന് 97003/- രൂപ അനുവദിച്ചിരുന്നു. എന്നാൽ മേൽ തുക അക്കൗണ്ടിലേക്ക് വരവ് വെക്കാ തിരുന്നതുനാൽ ടി തുക പഞ്ചായത്തിന് നഷ്ടമായി.
2. 2015-16 വർഷം ഗ്രാമപഞ്ചായത്തിന് ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 12-ാം ഗഡുവായി അനുവദിച്ച 237913/- രൂപ അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്യാതിരുന്നതുനാൽ ടി തുകയും പഞ്ചായത്തിന് നഷ്ടമായി.

തനതു വരുമാനം കുറവുള്ള പെരുമ്പളം ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് പോലെ കൈകാര്യം ചെയ്യാൻ പറ്റുന്നവിധത്തിലുള്ള ഗ്രാന്റ് അനുവദിച്ചിട്ടും നഷ്ടപ്പെടാൻ ഇടയാക്കിയത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്.

ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട തുകകൾ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

## 3-2 ഗ്രാമപഞ്ചായത്തിന്റെ "ഐശ്വര്യം" ജങ്കാർ - നിഷ്ക്രിയം 1.75 കോടി രൂപ

പെരുമ്പളം -മാർക്കറ്റ് ജെട്ടി -പാണാവള്ളി എന്നീ കരകളെ ബന്ധിപ്പിച്ച് ജങ്കാർ സർവ്വീസ് നടത്തുന്നതിന് ബഹു. അരൂർ എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ ജങ്കാർ നിർമ്മിക്കുന്നതിന് 17546760/- രൂപ അനുവദിച്ചിട്ടുണ്ട്. ജങ്കാർ നിർമ്മിക്കുന്നതിന് കേരള ഷിപ്പിംഗ്& ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡുമായി (KSINC) 29-12-14 ൽ കരാർ വെച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണച്ചെലവ് കരാർ പ്രകാരം 17546760/- രൂപയാണ്. നാളിതുവരെ മേൽ സ്ഥാപനത്തിന് 16929796/- രൂപ നൽകിയിട്ടുണ്ട്.

ചെലവു വിവരം

ചെക്ക് നം. – 626870/26-05-15, 12,50,000/- രൂപ

272094/16-09-15, 26,35,120/- രൂപ

275060/29-04-16, 1794676/- രൂപ

"ഐശ്വര്യം "എന്ന് നാമകരണം ചെയ്ത ജങ്കാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് 22-01-16 ൽ KSINC, സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ ജങ്കാറിന് നാളിതുവരെ ഒരു ദിവസംപോലും സർവ്വീസ് നടത്താൻ സാധിച്ചില്ല. സർവ്വീസ് നടത്തേണ്ട ബോട്ടുജെട്ടികളുടെ ആഴക്കുറവും റാമ്പിന്റെ അശാസ്ത്രീയമായ നിർമ്മാണവും കാരണമാണ് ബോട്ടുജെട്ടിയിലേക്ക് ജങ്കാർ അടുക്കുന്നതിന് കഴിയാത്തതെന്നാണ് KSINC വാദിക്കുന്നത്. എന്നാൽ KSINC അധികൃതർ നിർമ്മാണത്തിന് മുമ്പ് ബോട്ടുജെട്ടി പരിശോധിച്ചുവെങ്കിലും ആയതിന് അനുയോജ്യമായ രീതിയിലുള്ള ജങ്കാറിന്റെ നിർമ്മാണം നടത്തിയിട്ടില്ലെന്നും നിർമ്മാണത്തിലെ അപാകതകൾ മൂലമാണ് നിലവിൽ ജങ്കാർ സർവ്വീസ് നടത്താൻ കഴിയാത്തതെന്നുമാണ് തുറമുഖ വകുപ്പിനെ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. KSINC യിൽ നിന്നും പ്രതിദിന വാടകയ്ക്ക് എടുത്തിട്ടുള്ള ജങ്കാറാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. ഇത് ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായത്തെ സാധൂകരിക്കുന്നു. എന്തുതന്നെയായാലും 1.75 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ജങ്കാർ പെരുമ്പളം മാർക്കറ്റ് ജെട്ടിക്ക് സമീപം നിഷ്ക്രിയമായി കിടക്കുന്നു (ചിത്രം1)



ചിത്രം.1

1. KSINC യിൽ നിന്നും 9800/- രൂപ പ്രതിദിന വാടകയ്ക്ക് എടുത്തിട്ടുള്ള ജങ്കാർ ലേലം ചെയ്തതിൽ 10100/- രൂപയ്ക്ക് ലേലം കൊണ്ട ജനകീയ ജങ്കാർ ട്രസ്റ്റാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. ഇതിൽ നിന്നും പ്രതിദിനം 300/- രൂപ മാത്രമാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന് സ്വന്തമായി ലഭിച്ച ജങ്കാർ നിഷ്ക്രിയമായി ഇടരുന്നതിനാൽ KSINCയ്ക്ക് വാടക നൽകുന്നത് വഴി ഭീമമായ നഷ്ടം സംഭവിക്കുന്നു.

   തൃപ്തികരമായ രീതിയിലുള്ള ട്രയൽസ് നടത്തിയതിനു ശേഷമേ ജങ്കാർ പഞ്ചായത്തിന് കൈമാറു എന്ന് KSINC യുമായി ചമച്ചിട്ടുള്ള കരാറിൽ (വ്യവസ്ഥ നമ്പർ 8) വ്യവസ്ഥ ചെയ്യുന്നുണ്ട്. 22-01-16 ൽ ജങ്കാർ കൈമാറിയപ്പോൾ വിജയപ്രദമായ രീതിയിൽ ട്രയൽസ് പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് കൈമാറ്റരേഖകളിൽ KSINC എഴുതിച്ചേർത്തിരിക്കുന്നത്. ഇത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ച് ജങ്കാർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തൃപ്തികരമായ രീതിയിൽ ട്രയൽ റൺ നടത്തിയിരുന്നുവെങ്കിൽ പുതിയ ജങ്കാർ നിലവിലുള്ള ജെട്ടിയിൽ അടുപ്പിക്കുവാൻ സാധിക്കുമോ ഇല്ലയോ എന്ന് മനസ്സിലാക്കാൻ കഴിയുമായിരുന്നു.

   മേൽ സ്ഥാപനം വിജയപ്രദമായ രീതിയിൽ ട്രയൽ റൺ നടത്താതിരുന്നത് കരാർ ലംഘനവും വിജയപ്രദമായ രീതിയിൽ ട്രയൽ റൺ നടത്താതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജങ്കാർ കൈപ്പറ്റിയത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയുമാണ്. ഇതാണ് 1.75 കോടി നിഷ്ക്രിയമാകാൻ കാരണമെന്ന്

ഓഡിറ്റിൽ വിലയിരുത്തുന്നു.

2. 22-10-13-ൽ ഗ്രാമപഞ്ചായത്ത് സപ്ലൈ ഓർഡർ നൽകുമ്പോൾ ജങ്കാറിന്റെ നിർമ്മാണച്ചെലവ് 1,54,44,000/- രൂപയായിരുന്നു. പിന്നീട് സാധനങ്ങളുടെ വിലവർദ്ധനവ് കാരണം ജങ്കാർ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൻ പ്രകാരം തുക 1,75,46,760/- രൂപയാണ്. ഇത് തുറമുഖവകുപ്പ് ഡയറക്ടറെ KSINC അറിയിച്ചതിനെ തുടർന്നാണ് 29-12-2014 ൽ നിർമ്മാണ കരാറിൽ ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടത്. 1,75,46,760/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| നിർമ്മാണച്ചെലവ് | :- | 1,51,92,000/- |
| ലാഭം (10%) | :- | 15,19,200/- |
| ആകെ | :- | 1,67,11,200/- |
| സെയിൽ ടാക്സ് (5%) | :- | 8,35,560/- |
| മൊത്തം | :- | 1,75,46,760/- |

ഇതിൽ സെയിൽ ടാക്സ് ഇനത്തിൽ ഈടാക്കുന്നത് 835560/- രൂപയാണ്. ഇത് ലാഭം ഉൾപ്പെടെയുള്ള തുകയുടെ 5% ആണ്. സ്ഥാപനത്തിന്റെ ലാഭത്തിന് സെയിൽ ടാക്സ് നൽകേണ്ടതില്ല. നിർമ്മാണച്ചെലവിന്റെ 5% നികുതിയിനത്തിൽ നൽകിയാൽ മതിയാകും. ഫൈനൽ തുക നൽകുമ്പോൾ ഇക്കാര്യം പരിഗണിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

അപാകതകൾ പരിഹരിച്ച് ജങ്കാർ ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം - അനിശ്ചിതത്തിൽ

RIDF ന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നു. ഇത് നിർമ്മിക്കുന്നതിനായിട്ടുള്ള സ്ഥലം റവന്യൂ പുറമ്പോക്ക് സർക്കാരിന്റെ സ്ഥലമായതിനാൽ ടി സ്ഥലത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുകയില്ലാത്തതിനാൽ പകരം ഒന്നാം വാർഡിലെ പെരുംചിറകരിയിലെ 20 സെന്റ് പഞ്ചായത്ത് വക സ്ഥലംവിട്ടുകൊടുക്കുന്നതിന് 16-05-15 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നമ്പർ 2(2)) സർവ്വേ നമ്പർ 15/2, 14/2 എന്നീ സ്ഥലത്തോടു ചേർന്നു കിടക്കുന്ന സർവ്വേ നമ്പർ 227/16 ൽ കിടക്കുന്ന കായൽ പുറമ്പോക്ക് സ്ഥലത്തിൽപ്പെട്ട 20 സെന്റ് വില്ലേജ് മാപ്പിൽ രേഖപ്പെടുത്തി തരുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാനും 17-06-15 ലെ കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നമ്പർ 4(5)) ഇപ്രകാരം തീരുമാനങ്ങൾ എടുക്കുമ്പോഴും കായൽ പുറമ്പോക്ക് അനധികൃതമായി പലരും കൈയ്യേറുമ്പോഴും ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്താനാവത്തത് പദ്ധതി ഉപേക്ഷിക്കാൻ കാരണമാകുന്നു. അർത്തുങ്കൽ ഹാർബർ എഞ്ചിനിയറിംഗ് സബ്ഡിവിഷൻ അസി. എക്സി. എഞ്ചിനിയർ സ്ഥല ലഭ്യത സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ പല പ്രാവശ്യം കത്ത് മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും മറുപടി നൽകാത്തതിനെ തുടർന്ന് പ്രവൃത്തി റദ്ദുചെയ്യാവുന്നതാണെന്ന് ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം

അറിയിച്ചിട്ടുണ്ട്. ഇത് ഫിഷ് ലാന്റിംഗ് സെന്റർ പഞ്ചായത്തിന് നഷ്ടപ്പെടുവാൻ ഇടയാക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വരുമാന സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം വിതരണം ചെയ്യുന്നു.

കുടുംബനാഥയ്ക്ക് മുട്ടക്കോഴി വിതരണം, തീരദേശവനിത കുടുംബങ്ങൾക്ക് താറാവ് കുഞ്ഞ് എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോഴാണ് വരുമാന സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം വിതരണം ചെയ്തത്. 90/- രൂപ വിലയുള്ള 7 കോഴി/ താറാവ് കുഞ്ഞുങ്ങളെ വീതം 75% സബ്സിഡിയിൽ ഒരു ഗുണഭോക്താവിന് വിതരണം ചെയ്തിട്ടുണ്ട്. ഇതിന് ഒരാൾക്ക് വികസന ഫണ്ടിൽ നിന്നും 472/- രൂപയും ഗുണഭോക്തൃവിഹിതമായി 158/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ചെലവ് വിവരം

കുടുംബനാഥയ്ക്ക് മുട്ടക്കോഴി വിതരണം

ഡി.ഡി നമ്പർ 459306/20-03-16 രൂപ 50086/-

ബിൽ നമ്പർ 02/15-16 /22-03-16 രൂപ 149624/-

തീരദേശവനിത കുടുംബങ്ങൾക്ക് താറാവ് കുഞ്ഞ്

ഡി.ഡി നമ്പർ 459305/20-03-16 രൂപ23700/--

ബിൽ നമ്പർ 01/15-16 /20-03-16 രൂപ 70800/-

ജി.ഒ (എം.എസ്) 362/2013 തസ്വഭവ 16-11-13 -ാം ഉത്തരവ് അനുസരിച്ചുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുടുംബ വാർഷിക വരുമാനം 50000/- രൂപയിൽ കവിയാത്തവർക്കാണ് ആനുകൂല്യത്തിന് അർഹത. ഗുണഭോക്താക്കളുടെ റേഷൻകാർഡിന്റെ പകർപ്പാണ് വരുമാനം സംബന്ധിച്ച രേഖയായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ഇത് പരിശോധിച്ചതിൽ ഭൂരിഭാഗം പേരുടേയും റേഷൻകാർഡ് 2008 വർഷം നൽകിയിട്ടുള്ളതാണ്. ഇതിൽ പല റേഷൻകാർഡിലും അംഗങ്ങളായിട്ടുള്ളവർ ഗവ.ജീവനക്കാർ/ പ്രൈവറ്റ്/ പൊതുമേഖല/ പെൻഷണർ എന്നിങ്ങനെ കാണിച്ചിട്ടുണ്ട്. ചില റേഷൻകാർഡിൽ ഇവരുൾപ്പെടുന്ന കുടുംബത്തിന്റെ പ്രതിമാസ വരുമാനം വളരെ കുറഞ്ഞ തുകയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ മറ്റു ചിലരുടെ റേഷൻകാർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന കുടുംബത്തിന്റെ പ്രതിമാസ വരുമാനം കണക്കാക്കിയാൽ വാർഷിക വരുമാനം 50000/- രൂപയിൽ അധികരിക്കുകയും ചെയ്യും. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

കുടുംബനാഥയ്ക്ക് മുട്ടക്കോഴി വിതരണം

| ഗുണഭോക്താവിന്റെ പേര് | റേഷൻകാർഡ് നമ്പർ | കുടുംബത്തിന്റെ പ്രതിമാസ വരുമാനം | റിമാർക്സ് |
|---|---|---|---|
| ഗീത വിശ്വംഭരൻ, ഗൗരിഭവൻ | 1417104283 | 4300/- | ഒരംഗം പെൻഷണർ |
| അജിത ഉണ്ണികൃഷ്ണൻ, വേഴക്കാട്ട് | 1417136059 | 10482/- | ഒരംഗം ഗവ.ജീവനം |
| കമലം, ചെമ്പശ്ശേരിൽ | 1417103229 | 5000/- | ഒരംഗം ഗവ.ജീവനം |

| | | | |
|---|---|---|---|
| സൂസമ്മ , വാലംപറമ്പ് | 1417106226 | 10000/- | ഒരംഗം ഗവ.ജീവനം |
| ലക്ഷമി നടീപ്പറമ്പ് | 1417103339 | 15000/- | ------- |
| അംബിക, രാഹുൽ നിവാസ് | 1417103708 | 5000/- | ഒരംഗം ഗവ.ജീവനം |
| ശാന്ത അംബുജൻ, കാവൽപ്പറമ്പ് | 1417103600 | 400/- | ഒരംഗം ഗവ.ജീവനം |

തീരദേശവനിത കുടുംബങ്ങൾക്ക് താറാവ് കുഞ്ഞ്

| ഗുണഭോക്താവിന്റെ പേര് | റേഷൻകാർഡ് നമ്പർ | കുടുംബത്തിന്റെ പ്രതിമാസ വരുമാനം | റിമാർക്സ് |
|---|---|---|---|
| കുശലകുമാരി, കുമ്പേൽവീട് | 1417106224 | 4000/- | പൊതുമേഖല |
| സാവിത്രി സിദ്ധാർത്ഥൻ, കുമ്പേൽ | 1417104732 | 5025/- | പൊതുമേഖല |
| കെ.പി സരള, പറങ്കിപ്പറമ്പിൽ | 1417104840 | 10000/- | ഒരംഗം ഗവ.ജീവനം |
| പ്രസന്ന ഹരിദാസ്, കുമ്പേൽവീട് | 1417106244 | 3241/- | ഒരംഗം ഗവ.ജീവനം |
| വിജയകുമാരി, കാവൽപ്പറമ്പ് | 1417136634 | 12345/- | ഒരംഗം ഗവ.ജീവനം |
| ശ്യാമള , പുളിക്കിച്ചിറ | 1417103862 | 250/- | ഒരംഗം ഗവ.ജീവനം |
| തങ്കമ്മ, വിജിമന്ദിരം | 1417103580 | 250/- | ഒരംഗം ഗവ.ജീവനം |
| സതി, ഉടുമ്പുഴ | 1417104563 | 125/- | ഒരംഗം ഗവ.ജീവനം |

വരുമാന സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം വിതരണം ചെയ്ത നടപടി ശരിയല്ല. സർക്കാർ അനുശാസിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അംഗൻവാടികൾക്ക് ഉപകരണങ്ങൾ -ക്രമക്കേടുകൾ

പ്രോജക്ട് നം. : എസ്.099/16


പ്രോജക്ടിന്റെ പേര് : അംഗൻവാടികൾക്ക് ഉപകരണങ്ങൾ

അടങ്കൽ : വികസന ഫണ്ട് - 36,800/- രൂപ

ചെലവ് : 36,000/- (ട്രഷറി ബിൽ നം. 9/2015-16, തീയതി. 30.03.2016)

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ


2015-16 സാമ്പത്തിക വർഷം ഈ പദ്ധതിയിൽപ്പെടുത്തി 9 അംഗൻവാടികൾക്ക് അലമാര വാങ്ങി കൊടുത്തിട്ടുണ്ട്. അഖില ഇൻഡസ്ട്രീസ്, ഉദയംപേരൂർ, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് അലമാരകൾ വാങ്ങിയതെന്ന് കാണുന്നു. പെരുമ്പളം ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 14.01.2016-ലെ I(2) നമ്പർ തീരുമാന പ്രകാരം അഖില ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി രേഖപ്പെടുത്തിയ സെക്രട്ടറി ഒപ്പുവച്ച കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ ഫയലിൽ കാണുന്നു. (ചിത്രം.1)


14.01.2016
I (2)
ICDS ... Akhila industries ...
Secretary


ചിത്രം.1

എന്നാൽ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 14.01.2016-ൽ പഞ്ചായത്ത് കമ്മറ്റി യോഗം ചേർന്നതായി കാണുന്നില്ല. മിനിട്സ് ബുക്കിൽ 04.01.2016 (പേജ് നം. 26,27,28)ന ശേഷം 19.01.2016-ൽ മാത്രമാണ് (പേജ് നം. 29) യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത യോഗങ്ങളിലൊന്നും ഈയൊരു തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല. പഞ്ചായത്ത് കമ്മറ്റി കൈക്കൊള്ളാത്ത ഒരു തീരുമാനം കൈക്കൊണ്ടതായി രേഖ നല്കാനുണ്ടായ കാരണം അന്വേഷിച്ചു കൊണ്ട് പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഈ പദ്ധതി പ്രകാരം അഖില ഇൻഡസ്ട്രീസ്, ഉദയംപേരൂർ, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് അലമാരകൾ വാങ്ങിയതെന്ന് കാണുന്നു. എന്നാൽ പദ്ധതി പ്രകാരം ചെലവായ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് (നം. 582887) നല്കിയിരിക്കുന്നത് പി.ആർ.ശശികുമാർ, വിക്കരംപറമ്പിൽ, പെരുമ്പളം, വാർഡ് നമ്പർ – 4 എന്ന വ്യക്തിക്കാണ്.(ചിത്രം.2,3)




ചിത്രം.2



ചിത്രം.3

അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി നിർവ്വണത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റിൽ സംശയിക്കുന്നതിനാൽ തുടരന്വേഷണം നടത്തി ഉചിത നടപടികൾ സ്വീകരിക്കാൻ ഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

## 3-6 സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം നല്കി.

പ്രോജക്ട് നം . : എസ്.026/16

പ്രോജക്ടിന്റെ പേര് : വാഴകൃഷി വികസനം

അടങ്കൽ : വികസന ഫണ്ട് - 95,000/- രൂപ

ചെലവ് : 92,750/- രൂപ (ട്രഷറി ബിൽ നം.P.J.5/2015-16തീയതി.18.02.2016)

16.11.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 362/2013/ത.സ്വ.ഭ.വ അനുബന്ധം 16 ഖണ്ഡിക 3.1 പ്രകാരം നാമമാത്ര കർഷകർക്ക് മാത്രമേ വാഴ വിത്ത് സബ്സിഡിക്ക് അർഹതയുള്ളൂ. എന്നാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ. പുരുഷോത്തമൻ, ഷിനു ഭവൻ, പെരുമ്പളം എന്ന വ്യക്തിക്ക് പെരുമ്പളം വില്ലേജിൽ 80/1, 94/7B1, 94/7B2, 94/7B3, 94/7B4, 91/9B, 91/12A എന്നീ സർവ്വേ നമ്പറുകളിലായി ആകെ 1 ഹെക്ടർ 5.83 ആർസ് സ്ഥലമുണ്ടെന്ന് കാണുന്നു. ടിയാന് ഈ പദ്ധതിയിൽപ്പെടുത്തി തൻവർഷം 50 വാഴ വിത്തുകൾ 75% സബ്സിഡിയിൽ നല്കിയതായി കാണുന്നു. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് അനർഹർക്ക് ആനുകൂല്യം നല്കുന്ന ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ - അപാകതകൾ

നിർവ്വഹണം -മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

1. ഹോംകെയർ സന്ദർശനത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹോംകെയർ രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നുണ്ട്. എന്നാൽ ഇതോടൊപ്പം സൂക്ഷിച്ചിട്ടുള്ള ഹോംകെയർ ടീമിന്റെ ഹാജർ പത്രിക ഇതിൽ നിന്നും ഭിന്നമാണ്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| തീയതി | ഹോംകെയർ രജിസ്റ്റർ പ്രകാരം | ഹാജർ പത്രികപ്രകാരം |
|---|---|---|

| | ഡ്രൈവർ ഉൾപ്പെടെയുള്ളവരുടെ എണ്ണം | ഡ്രൈവർ ഉൾപ്പെടെയുള്ളവരുടെ എണ്ണം |
|---|---|---|
| 23-04-15 | 4 | 5 |
| 29-04-15 | 4 | 5 |
| 08-05-15 | 4 | 5 |
| 12-05-15 | 4 | 5 |
| 04-07-15 | 5 | 4 |
| 16-07-15 | 5 | 4 |
| 23-07-15 | 5 | 4 |

2. ഹാജർ ഷീറ്റ് പ്രകാരവും ഹോംകെയർ രജിസ്റ്റർ പ്രകാരവും താഴെപ്പറയുന്ന ദിവസങ്ങളിൽ ഹോംകെയർ സന്ദർശനത്തിൽ പങ്കെടുത്ത ഡ്രൈവർ ഉൾപ്പെടെയുള്ളവരുടെ എണ്ണം 4 മാത്രമാണ്.

| | | | |
|---|---|---|---|
| 26-09-15 | 07-01-16 | 26-02-16 | 17-03-16 |
| 07-11-15 | 09-01-16 | 11-03-16 | 18-03-16 |
| 12-12-15 | 20-02-16 | 12-03-16 | |

എന്നാൽ മേൽ ദിവസങ്ങളിൽ 5 പേർക്ക് ഭക്ഷണം നൽകിയതിനാണ് 300/- രൂപാ വീതം തുക അനുവദിച്ചിരിക്കുന്നത്.

3. ജി.ഒ (ആർ.ടി) 3217/15 LSGD തീയതി 29-10-15 -ാംനമ്പർ പരിഷ്ക്കരിച്ച പാലിയേറ്റീവ് കെയർ മാർഗ്ഗരേഖപ്രകാരം ഹോംകെയർ ടീമിനുള്ള ഭക്ഷണം 3 പേർക്ക് 60/- രൂപ പ്രകാരം 180/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ 5 പേർക്ക് ഭക്ഷണം നൽകിയതിനാണ് 300/- രൂപാ വീതം തുക അനുവദിച്ചിരിക്കുന്നത്. മേൽ ഉത്തരവ് പാലിച്ചുകൊണ്ട് തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** കുന്നത്ത് അംഗൻവാടി നം **89-** ചുറ്റുമതിൽ നിർമ്മാണം **-**കൺസോളിഡേഷൻ നടത്താത്ത ഇനത്തിന് ആയതിന്റെ ചാർജ്ജുകൂടി ഉൾപ്പെട്ട നിരക്ക് അനുവദിച്ചു.

പ്രോജക്ട് നമ്പർ - S0119/16

കരാറുകാരൻ - കെ.ജി. ഗോപി

ബിൽ നം - 22/15-16, തീയതി: 29-03-16, 489840/- രൂപ

കുന്നത്ത് അംഗൻവാടി നം 89- ചുറ്റമതിൽ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഗ്രാവൽ ഫില്ല് ചെയ്തതിന് 281.742 $m^3$ അളവിന് 1028.05/$m^3$ നിരക്കിൽ കരാറുകാരനായ ശ്രീ. കെ.ജി. ഗോപിക്ക് തുക അനുവദിച്ചിട്ടുണ്ട്. അളവു പുസ്തകം 16/15-16 പേജ് 10 ൽ ടിയിനം ചെയ്തപ്പോൾ കൺസോളിഡേഷൻ നടത്തിയതായി അസിസ്റ്റന്റ് എഞ്ചിനിയർ (നിർവ്വഹണോദ്യോഗസ്ഥ) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 15-11-16 ൽ നടത്തിയ ഭൗതിക പരിശോധനയിൽ യാതൊരുവിധത്തിലുള്ള കൺസോളിഡേഷനും നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. കൂടാതെ ഫില്ല് ചെയ്തതിന്റെ കുറേ ഭാഗം ലെവലിംഗ് നടത്താതെ ശേഷിക്കുന്നതായാണ് കാണാൻ സാധിച്ചത്. പ്രസ്തുത ഇനത്തിന് ഒബ്സർവഡ് ഡേറ്റാ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത് (1028.05/$m^3$). ടി നിരക്കിൽ കൺസോളിഡേഷനുള്ള റോളർ വാടകയും ഡീസൽ ചാർജ്ജും മറ്റും ഉൾപ്പെട്ടിട്ടുണ്ട്. കൺസോളിഡേഷൻ നടത്താത്ത ഇനത്തിന് ആയതിന്റെ ചാർജ്ജുകൂടി ഉൾപ്പെട്ട നിരക്ക് അനുവദിച്ചതു വഴി അധികം നൽകാനിടയായി. അധികം നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-9 സാമൂഹ്യ സുരക്ഷമിഷന് സംഭാവന-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. : എസ്.04/16

പ്രോജക്റ്റിന്റെ പേര് : സാമൂഹ്യ സുരക്ഷമിഷന് സംഭാവന

അടങ്കൽ : വികസന ഫണ്ട് - 1,00,000/- രൂപ

ചെലവ് : 1,00,000/- രൂപ (ട്രഷറി ബിൽ നം.12/2015-16തീയതി.10.10.2015)

ഡി.ഡി.നം. : 663218 തീയതി. 14.10.2015

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 06.05.2013-ലെ സർക്കാർ ഉത്തരവ് (സാധാരണ)നം. 1209/2013/ ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപ എല്ലാ വർഷവും സംഭാവനയായി നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിൽ നിന്നും 2015-16 സാമ്പത്തിക വർഷം മേൽ ഡി.ഡി. പ്രകാരം ഒരു ലക്ഷം രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ പേർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. മേൽ ഉത്തരവിലെ 6-ാം ഖണ്ഡികയിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ സംഭാവന നല്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ. 5 തീയതി 11.11.2016) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്കായി ചെലവഴിച്ച 1,00,000/-/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 2014-15 -ൽ ബിൽ പ്രകാരം പിൻവലിച്ച തുക നല്കാൻ കാലതാമസം വരുത്തി

പ്രോജക്ട് നം. : എസ്.40/2015

പ്രോജക്ടിന്റെ പേര് : വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ വയറിംഗ്, റീ-വയറിംഗ്

അടങ്കൽ : മെയിന്റൻസ് ഗ്രാന്റ്- റോഡിതരം - 90,000/- രൂപ

ചെലവ് : 90,000/- (ട്രഷറിബിൽനം.45/2014-15തീയതി.31.03.2015)

2014-15 സാമ്പത്തിക വർഷം ഈ പദ്ധതിയിൽപ്പെടുത്തി 90,000/- രൂപ മെയിന്റൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചിരുന്നു. എന്നാൽ ഈ തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷന് നല്കിയിരിക്കുന്നത് 02.01.2016-ലെ 663706 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം മാത്രമാണ്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 02.09.2014-ലെ ഇ.എൽ.1-847/14 നമ്പർ പ്രകാരം നല്കിയിരുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

പദ്ധതി നിർവ്വഹണത്തിനായി ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുക ദീർഘകാലം കൈവശം സൂക്ഷിക്കുന്ന പ്രവണത താത്കാലിക പണാപഹരണത്തിന് സമാനമാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

## 3-11 സെക്രട്ടറി നിർവഹിച്ച പദ്ധതികൾ രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോ. നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 35 | പെരുംചിറക്കരി പുറവായിൽ ശാസ്താങ്കൽ ജട്ടിയിലേക്ക് ലൈൻ വലിക്കലും സ്ട്രീറ്റ് ലൈറ്റും | 31192 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 2 | 87 | എൽ.പി.സ്കൂളിന് ഫർണീച്ചർ | 119504 | സ്റ്റോക്ക് രജിസ്റ്റർ, വിതരണ വിവരം |
| 3 | 5 | ഇ.എം.എസ് ഭവന വായ്പാ തിരിച്ചടവ് | 699300 | കൈപ്പറ്റ് രസീത് |
| 4 | 148 | ഇ.എം.എസ് ഭവന വായ്പാ തിരിച്ചടവ് | 235273 | കൈപ്പറ്റ് രസീത് |
| 5 | 103 | പുതുക്കാട് കുരുവേലിയിൽ ലൈൻ വലിക്കലും സ്ട്രീറ്റ് ലൈറ്റും | 265602 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 6 | 104 | സാംസ്കാരിക നിലയത്തിന് ഫർണീച്ചർ, പുസ്തകങ്ങൾ | 89624 | സ്റ്റോക്ക് രജിസ്റ്റർ, വിതരണ വിവരം |
| 7 | 138 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 128500 | വിനിയോഗ സാക്ഷ്യപത്രം |
| 8 | 03 | ഐ.എ.വൈ വിഹിതം | 250000 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 9 | 136 | ലൈൻ മാറ്റൽ (ആയുർവേദ ആശുപത്രി) | 13149 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 10 | 121 | പെരുമ്പളം മൃഗാശുപത്രി കെട്ടിട നിർമാണം | 264000 | വിനിയോഗ സാക്ഷ്യപത്രം |
| 11 | 36 | വൈദ്യുതി പോസ്റ്റ് മാറ്റൽ | 41428 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 12 | 123 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 48166 | കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ, |
| | | ആകെ | 2185738 | |

രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ.5 തീയതി 11.11.2016) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 21,85,738/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2015-16 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 8 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1841 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1297 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1297 |
| ആകെ തൊഴിൽ ദിനങ്ങൾ | 96569 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 341 |

2. ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 394 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 348 |
| തൻവർഷം പൂർത്തിയാക്കിയത് | 348 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | -- |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | -- |

3. വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 181 | 6582752 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 2 | 61967 |
| 3 | ജലസംരക്ഷണം | 37 | 3635496 |
| 4 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 37 | 1900739 |
| 5 | റോഡ് | 9 | 1521631 |
| 6 | ഐ.എ.വൈ- വീട് | 82 | 347723 |
| | ആകെ | 348 | 14050308 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കു പരിശോധന – അപാകതകൾ

1. നീക്കിയിരിപ്പ് പാസ്ബുക്കുകളുമായി പൊരുത്തപെടുത്തിയിട്ടില്ല.

    1. 1. RP 40 b യിൽ ദുരിതാശ്വാസ നിധി അക്കൗണ്ടിലെ നീക്കിയിരിപ്പ് 11199/- രൂപ കാണിച്ചിരിക്കുന്നത് 30-11-14 -ലെ നീക്കിയിരിപ്പാണ്. ടി തീയതിക്കു ശേഷമുള്ള ട്രാൻസാക്ഷൻസ് പാസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
    2. തനതു ഫണ്ട് അക്കൗണ്ട് 57055891750 ലെ 31-03-16 ലെ നീക്കിയിരിപ്പ് 2683165/-ആണ്. എന്നാൽ അക്കൗണ്ട്സിൽ നീക്കിയിരിപ്പ് 2775702/- എന്നാണ് കാണിച്ചിരിക്കുന്നത്.
    3. VPF 1 എന്ന ശീർഷകത്തിൽ നീക്കിയിരിപ്പ് 6729/- എന്ന് അക്കൗണ്ട്സിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് ഇല്ല.
    4. കാഷ് ബുക്ക് പ്രകാരം 31-03-16-ലെ കയ്യിരിപ്പ് പണം 87651/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 2846/- രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ.

2. തൊഴിൽ രഹിത വേതനമിനത്തിൽ ACR പ്രകാരം വരവ് 168000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 291720/- രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.
3. തൊഴിലുറപ്പു പദ്ധതിയിൽ EFMS വഴി വിതരണം ചെയ്ത 15545000/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.
4. വിവിധ ക്ഷേമ പെൻഷനുകൾ DBT ആയി താഴെപ്പറയും വിധം വിതരണം ചെയ്തിട്ടുണ്ട്. ടി തുകകളൊന്നും തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2120010/- |
| വികലാംഗപെൻഷൻ | 1157540/- |
| വാർദ്ധക്യകാലപെൻഷൻ | 1134960/- |
| അവിവാഹിത പെൻഷൻ | 817160/- |

| | |
|---|---|
| വിധവാ പെൻഷൻ | 3011000/- |

5. തൊഴിലുറപ്പ് പദ്ധതിക്ക് ലെഡ്ജർ പ്രകാരമുള്ള വരവ് 704469/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 704151/- രൂപയാണ് കാണിച്ചിരിക്കുന്നത്.
6. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
7. മുൻവർഷത്തെ accumulated depriciation തന്നെയാണ് (2107497/-) ഈ വർഷവും കാണിച്ചിരിക്കുന്നത്.
8. കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.
9. ഷെഡ്യൂൾ B 15 ൽ Receivable for property tax on residential buildings , DCB പത്രിക പ്രകാരം വരുന്നത് 114705/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 115105/- രൂപയാണ് കാണിച്ചിരിക്കുന്നത്.
10. മുൻവർഷ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B15 പ്രകാരം കിട്ടാനുള്ളതായി കാണിച്ചിരിക്കുന്ന നികുതി തുകകളേക്കാൾ അധികമാണ് തൻവർഷം കിട്ടിയതായി RP43 യിൽ കാണിച്ചിരിക്കുന്നത്.

| ഇനം | മുൻവർഷ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B15 പ്രകാരം കിട്ടാനുള്ളതായി കാണിച്ചിരിക്കുന്ന തുക | തൻവർഷം കിട്ടിയതായി RP43 യിൽ കാണിച്ചിരിക്കുന്നതുക |
|---|---|---|
| കെട്ടിട നികുതി കുടിശ്ശിക | 14877 | 134878 |
| ഡി &ഒ ലൈസൻസ് | ------- | 100 |

## 4-2. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃതം വെറ്ററിനറി | 2015-16 | 143750 | കന്നുകുട്ടി പരിപാലനം | 0 | 143750 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| കേന്ദ്രാവിഷ്കൃതം | 2015-16 | 312000 | സാനിട്ടറി ലാട്രിൻ (ജനറൽ) | 0 | 312000 |
| കേന്ദ്രാവിഷ്കൃതം | 2015-16 | 12000 | സാനിട്ടറി ലാട്രിൻ (ടി.എസ്.പി) | 0 | 12000 |
| കേന്ദ്രാവിഷ്കൃതം | 2015-16 | 36000 | സാനിട്ടറി ലാട്രിൻ (എസ്.സി.പി) | 12000 | 24000 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം | 2015-16 | 700000 | അംഗൻവാടി പോഷകാഹാരം | 58631 | 641369 |
| കേന്ദ്രാവിഷ്കൃതം | 2015-16 | 31056 | അംഗൻവാടി പോഷകാഹാരം | 0 | 31056 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 60000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 60000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 60000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 55200 | 4800 |
| സംസ്ഥാനാവിഷ്കൃതം | 2015-16 | 564000 | മൃഗാശുപത്രി കെട്ടിട നിർമാണം | 0 | 564000 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പെരുംചിറക്കരി പുറവായിൽ ശാസ്താങ്കൽ ജട്ടിയിലേക്ക് ലൈൻവലിക്കലും സ്ട്രീറ്റ് ലൈറ്റും | 31192 | 31192 | |
| കെ.എസ്.ഇ.ബി | പോസ്റ്റ്മാറ്റൽ | 41428 | 41428 | |
| കെ.എസ്.ഇ.ബി | പുതുക്കാട് കുരുവേലിൽ ലൈൻവലിക്കലും സ്ട്രീറ്റ് ലൈറ്റും | 265602 | 265602 | |
| കെ.എസ്.ഇ.ബി | ലൈൻമാറ്റൽ (ആയുർവ്വേദാശുപത്രി) | 13149 | 13149 | |
| പി.ഡബ്ല്യു.ഡി ബിൽഡിംഗ് ഡിവിഷൻ | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 128500 | 128500 | |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.869/2010 ത.സ്വ.ഭ.വ തീയതി. 15.03.2010 | 6993000 | 3016000 | 934573 | | 2081427 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 33712458 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40339308 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4254 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2285738 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4254 | | എ. കാർത്യായനി, സെക്രട്ടറി |
| ആകെ | 4254 | | |

<u>തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 1,00,000/- | എസ്.വീണ, സെക്രട്ടറി |
| 3-11 | 21,85,738 | എസ്.വീണ, സെക്രട്ടറി |
| ആകെ | 2285738 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എ.കാർത്യായനി, സെക്രട്ടറി | വിരമിച്ചു | കുരുവിങ്കൽ നികർത്ത്,<br>കുത്തിയതോട് പി.ഒ,<br>ചേർത്തല |
| ശ്രീമതി.എസ്.വീണ, സെക്രട്ടറി | സെക്രട്ടറി,<br>ആര്യാട് ഗ്രാമപഞ്ചായത്ത് | വടക്കേ വാര്യം<br>തോണ്ടൻകുളങ്ങര<br>ആലപ്പുഴ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1995-96 | എൽ.എഫ്.ജി.എ-10-941/09/ .11.2010 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/ 17.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/ 17.01.2012 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/ 17.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/ 17.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2004-05 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2005-06 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2006-07 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2007-08 | എൽ.എഫ്.ജി.എ പി9 1764/11/13.04.2012 |
| 2008-09 | എൽ.എഫ്.ജി.എ പി9 1765/11/13.04.2012 |
| 2009-10 | എൽ.എഫ്.ജി.എ പി9 1766/11/13.04.2012 |
| 2010-11,2011-12 | എൽ.എഫ്.ജി.എ പി9 1401/12/18.12.2012 |
| 2012-13 | എൽ.എഫ്.ജി.എ പി9 1018/14/22.09.2014 |
| 2013-14 | എൽ.എഫ്.എ പി9 -886/15/17.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/ പി12-552/16/ തീയതി. 21.05.2016 |

ഡെപ്യൂട്ടി ഡയറക്ടർ

നം.കെ.എസ്.എ.-എ.എൽ.പി /പി12-1306/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

തീയതി: 22.11.2016

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-ALP-P12-1306/16

Kerala State Audit Department,

District Audit Office,

Alappuzha.

E-mail – ddhglfalpy@gmail.com

Date: 22.11.2016

<u>*AUDIT CERTIFICATE*</u>

Certified that I have audited the Annual Financial Statement of *Perumbalam* Grama Panchayat in Alappuzha District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of *Perumbalam* Gramapanchayat for the year 2015-16 except the observations in my audit report, Para 4-1, properly presents the picture of income and expenditure.

Deputy Director